I want to tell him that the common man is intelligent to know who is his friend and to realise that capitalism is not going to live long. Government have announced their intention to introduce Adult Franchise, and my friend even if he spends lakhs and lakhs of rupees will not get returned in future, because the common man knows who is working for him, what will be of benefit to him and he knows something more, to sacrifice himself and to appreciate others sacrifying themselves, for the common good.

Sir, a bogey has been raised in this House that such kind of Legislation will scare away foreign Capital. I agree with my esteemed friend Mr. Rao when he says that indigenous Capital is shy. Sir, it is because of this reason that Labour has been agitating to get big schemes of industrialisation included in the Post-war reconstruction scheme of the Government. It is the Labour, Sir, that has been raising the slogan of industrialisation. They also realise, more than anybody else, that foreign capital should be attracted if we want to industrialise the State to a substantial extent. Labour therefore, will not stand in the way of Government, Sir, in their attempt to attract foreign capital. But I want to submit before this House that Capital can be attracted to this State if only we have industrial peace and harmony, only if the capitalist finds that here we have legislations defining clearly the relation between capital and labour. No capitalist

LIBRARY ARCHIVES Kerala Legislative Assembly

will like to invest his capital in something and from the next moment onwards begin to be worried by trade disputes, strikes and adjudications. He knows, Sir, that much of such worries can be avoided and he can attend to his business with peace of mind if there are adequate legislations and I submit that the Bill before the House is an attempt in the right direction and therefore will only tend to attract foregin Capital.

Mr. President. Has the Hon'ble Member nearly finished his speech?

Mr. Chowara Parameswaran. One minute more, Sir.

I therefore, want to tell this House, that though this Bill is not as progressive as labour would like it to be, labour is thankful and would like to support the Bill in the hope that necessary changes can be effected in the Select Cammittee so that the Bill may be beneficial both to the Labourer and country at large. I thank the Government for introducing such a Bill. I am also thankful to all those Hon'ble Members who have supported this Bill. My esteemed friend Mr. Thomakutty alone opposes the Bill. Mr. K. P. Rao did not oppose the Bill but only suggested that same changes should be effected. I thank the Government once more in bringing this Bill and I think that they will give sufficient opportunities to make representations for both labour and capital to effect suitable changes in the Select Committee. Sir, I have done. Once again I thank you all.

The House rose for lunch at 1-30 p.m. and reassembled at Half past two of the Clock with Mr. P. Sankara Menon, Panel Chairman, in the Chair.

Mr. A. Eachara Menon *(Chittur-Tattamagalm):* Mr. President Sir, I welcome the Bill. Why I welcome the Bill I need not say hene, because I agree with all these who spoke in favour of the Bill but I fear schedule II is an encumbrance. I do not know that the schedule is going to be worked. Suppose I have invested Rs. 20,000 on land from which I get 600 paras of paddy or Rs. 900 by way of interets. As per the provisions of the Bill, 6% interest on the capital investment is assured. I don't know from whom I could realise the balance of interest. Is it from the verumpattomdar?

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Not from the Verumpattomdar but from the Labourer.

Mr. A. Eachara Menon *(Chittur-Tattamaegalam):* You are not a champion of labourers. My only objection is to schedule II being there. I have nothing more to say.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഇതു രാഷ്ട്രീയമായും സാമ്പത്തികമായും സാമുദായികമായുമുള്ള വിപ്ലവത്തിന്റെ ഒരു ഭാഗമാണ്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: വിപ്ലവമെന്നു വെച്ചാൽ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അറിയുകയില്ലെ?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പച്ച മരുന്നും പറി മരുന്നും തിരിച്ചറിയാൻ കഴിയാത്ത ആളുകൾക്ക ഒന്നും അറിയുകയില്ല. ഇപ്പോൾ ചില വ്യവസായികൾ ഗവണ്മെണ്ടിന്നു ബോണസ് കൊടുക്കുന്നുണ്ട്. അതായതു് തൊഴിലാളികൾക്ക കൂടുതൽ കൂലി കൊടുക്കാതിരിക്കാൻ വേണ്ടി ഗവണ്മെണ്ടിന്നും സംഭാവന കൊടുക്കുന്നുണ്ട്. മുതലാളിയായി പെരുമാറുന്ന ചില വ്യവസായശാലകളുണ്ട്. എന്നാൽ ഏതാണു മുതലാളിയായി പെരുമാറുന്നതു്, ഏതാണു മുതലാളിയില്ലാതെ പെരുമാറുന്നതു് എന്നറിഞ്ഞുകൂടാ. മനുഷ്യമുട്ടകൾ എന്നൊരു തരം വ്യവസായികളുണ്ട്. പിടിക്കാനിട കൊടുക്കാതെ ഒളിച്ചുമാറി തൊഴിലാളികളുടെ രക്തം ഊറ്റിക്കുടിച്ചു കഴിയുന്ന ഒരുതരം മനുഷ്യമുട്ടകളുണ്ട്. അങ്ങിനെയുള്ള മനുഷ്യമുട്ടകൾ തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണുനീരൊഴുക്കുന്നതു കണ്ടാൽ തോന്നിപ്പോകും അവർ വാസ്തവത്തിൽ തൊഴിലാളികളുടെ താല്പര്യങ്ങൾക്കുവേണ്ടി പ്രവൃത്തിക്കുന്നവരാണെന്നു്. ഇങ്ങിനെ തൊഴിലാളികളെ വ്യാമോഹിപ്പിച്ചു അവരെ ആകർഷിച്ചു, അവരെ വെറും ചട്ടുകങ്ങളായി നിറുത്തി രാജ്യത്തിൽ കലാപങ്ങളുണ്ടാക്കി അധികാരം പിടിച്ചു പറ്റാനുള്ള ഒരു തരക്കാരാണു ഈ മനുഷ്യമുട്ടകൾ. ഈ മനുഷ്യമുട്ടകൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കലാപമുണ്ടാക്കിവരുന്നുണ്ട്. തൊഴിലാളികൾക്ക ജീവിക്കാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള സൌകര്യങ്ങളുണ്ടാക്കി കൊടുക്കേണ്ടതു മുഖ്യമായിട്ടുള്ളതും ഗവണ്മെണ്ടിന്റേതുമായ ചുമതലയാണ്. എന്നാൽ ഈ മനുഷ്യമൃഗങ്ങൾ അവരുടെ അധികാരത്തിന്നു വേണ്ടി മാത്രം വ്യവസായം നടത്തിവരുന്നതായി കാണുന്നു. അങ്ങിനെയുള്ളവർ നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങളും തകർക്കാനും ശ്രമിക്കുന്നതായി കാണുന്നു. നമ്മുടെ രാജ്യത്തിൽ വ്യവസായങ്ങളും മുച്ചൂടവരുന്നതേയുള്ളൂ. അതിനെ ചവിട്ടി മെടിക്കാനാണു ഇക്കൂട്ടർ ശ്രമിക്കുന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ വ്യവസായം വളരെ കഴിഞ്ഞു. അവിടെ എല്ലാ വ്യവസായങ്ങളും അങ്ങേയറ്റംവരെ അഭിവൃദ്ധി പ്രാപിച്ചു കഴിഞ്ഞു. എന്നാൽ ആ രാജ്യങ്ങളും വ്യവസായങ്ങളും മുച്ചൂടും തുടങ്ങീട്ടുള്ള കൊച്ചിയും സമമാണെന്നു വിചാരിക്കുന്നവരുണ്ടു്. അങ്ങിനെയുള്ള തെറ്റിദ്ധാരണവെച്ചുകൊണ്ടു് ഈ നാട്ടിൽ കുഴപ്പങ്ങളുണ്ടാക്കുന്നുണ്ടു്. അതിനൊക്കെ ഒരു പരിഹാരമെന്ന നിലയിലാണു ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഒരു നിശ്ചിതക്കൂലി തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ ഈവക കുഴപ്പങ്ങളുണ്ടാകയില്ലെന്നു വിശ്വസിക്കാം. പക്ഷെ അതിലും ഒരു സംശയമുണ്ടു്. പുര വിഴുങ്ങാൻ വരുന്ന ചെകുത്താനെ വാതിൽ അടച്ചിട്ടാൽ തടുക്കാൻ കഴിയുമോ? നാഴ്ക്കൂലി മുക്കാൽ ചോദിക്കുന്ന മാതിരി ആദ്യം "തമ്പുരാനെ ചുണ്ണാമ്പു തരാമോ" എന്നു ചോദിക്കും. അതു കൊടുത്താൽ "ഇത്തിരിവെറ്റിലകൂടി" അതു കഴിഞ്ഞു പുകയില ഇങ്ങിനെ മുക്കാനും വേണ്ടതെല്ലാം കൊടുക്കണം. അതുപോലെ എല്ലാം കൊടുത്താലും വിപ്ലവമുണ്ടാക്കണമെന്നു വിചാരിക്കുന്നവർക്കു തൃപ്തിയുണ്ടാകയില്ല. അതുകൊണ്ടു ഈ ബിൽ അതിനു പരിഹാരമാകുമോ എന്നറിഞ്ഞില്ല. പിന്നെ കൂലി നിർണ്ണയിക്കൽ, ബോണസ് നിർണ്ണയിക്കൽ, ഈ രണ്ടു കാര്യവും ഇവിടെ പറഞ്ഞു. എന്നാൽ ഈ ബിൽ കൊണ്ടുവരുന്നതിനു മുമ്പുതന്നെ കൃഷിക്കാർക്കു ബോണസ്സ് കൊടുത്തുവരുന്നുണ്ടു്. അതായതു കൊയ്ത്തു കഴിഞ്ഞാൽ അവർക്കു കുറെ നെല്ലു കൊടുക്കും. "വല്ലി" എന്നാണു അതിനു പറയുക. ബോണസ് എന്ന പേർ പറയുന്നില്ല എന്നേയുള്ളൂ. അവർ ചെയ്യുന്ന ജോലിയുടെ ഒരു തോതുവെച്ചു അവർക്കു പഴയ കാലം മുതല്ക്കേ. ഇങ്ങിനെ കൊടുത്തുവരുന്നുണ്ടു്. ഇന്നു കൃഷിത്തൊഴിലാളികൾക്കു നല്ല കൂലി കിട്ടുന്നുണ്ടു്. പഴയകാലത്തെ മാതിരി രണ്ടിടങ്ങഴി നെല്ലു കൊടുത്താൽ ഇന്നു ആളുകളെ കിട്ടുകയില്ല. ഞങ്ങളുടെ നാട്ടിൽ രണ്ടരയും മൂന്നും രൂപ കൂലി കൊടുക്കുന്നുണ്ടു്. എതായാലും കൃഷിക്കാരേയും ഈ ബില്ലിൽ പെടുത്താൻ ഉദ്ദേശിച്ചു കാണുന്നതിൽ സന്തോഷമുണ്ടു്. കൃഷിക്കാർക്കിടയിൽ—കൃഷി ചെയ്യുന്നവരും കൃഷി ചെയ്യിക്കുന്നവരും തമ്മിൽ—ഒരു സൌഹാർദ്ദമുണ്ടു്. അതില്ലാതെയാകാതിരിക്കുവാൻ നോക്കേണ്ടതാണു്. ൫ അണ കൂലിയാണു പണ്ടു കൊടുത്തിരുന്നതെങ്കിൽ ഇന്നു ചുരുങ്ങിയതു രണ്ടും രണ്ടരയും രൂപ കൂലി കൊടുക്കുന്നുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ ചെവ്വര പരമേശ്വരൻ പറഞ്ഞു ഇന്നു ൪ ൦ ൦ം, ൩ ൦ ൦ം ശതമാനം ജീവിതച്ചിലവു വർദ്ധിച്ചിട്ടുണ്ടെന്നു്. അതു ശരിയാണു്. പോരെങ്കിലേയുള്ളൂ. എന്നാൽ അതുപോലെ കൂലിയും വർദ്ധിച്ചിട്ടുണ്ടു്. മുമ്പു നാലണ കൂലിയുണ്ടായിരുന്ന ആളുകൾക്കു ഇന്നു രണ്ടുംരണ്ടരയും രൂപ കൂലിയുണ്ടെന്നു എല്ലാപേർക്കുമറിയാം. പക്ഷെ കഷ്ടപ്പെടുന്ന കർഷകരും കർഷകത്തൊഴിലാളികളുമുണ്ടു്. അവർക്കൊക്കെ ഈ ബിൽ രക്ഷയാണു്. അതോടുകൂടിത്തന്നെ കൊണ്ടുവരേണ്ട വേറെ നമ്മുടെ ചില നിയമനിർമ്മാണങ്ങളുമുണ്ടു്.

അതായതു നാട്ടിൽ ഭാവിപൌരന്മാരാകാനുള്ള വിദ്യാർത്ഥികളെ മുഴുവൻ വഴി പിഴപ്പിച്ചു നാട്ടിൽ കലാപങ്ങളുണ്ടാക്കുന്ന ഒരു തരം ദുഷ്പ്രവൃത്തിക്കും, ഒരു തരം മനുഷ്യകീടങ്ങളുണ്ടു്. അവർ നാട്ടിൽ അസമാധാനമുണ്ടാക്കുന്നതിനു, സമാധാനപരിപാലനത്തിൽ വിഘ്നമുണ്ടാക്കുന്നതിനു അപകടങ്ങളിലേക്കു വിദ്യാർത്ഥികളെ വലിച്ചിഴയ്ക്കുന്നു. വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസം കഴിയുന്നതുവരെ മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടാതെയിരിക്കുന്നതിനു, അവരെ രാജ്യത്തിൽ കുഴപ്പമുണ്ടാക്കാനുള്ള പ്രവർത്തനങ്ങളിലേക്കു വലിച്ചിഴയ്ക്കുന്ന സമ്പ്രദായത്തിൽനിന്നു രക്ഷിക്കുന്നതിനു ആവശ്യമായ നടപടികൾ അംഗീകരിക്കേണ്ടതാണു്.

Mr. V. R. Krishnan Ezhuthassan *(Oorakam)*: Is it relevant to the subject matter, Sir?

Mr. Panel Chairman: The Hon'ble Member will confine his speech to the subject.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കാര്യവും തൊഴിലാളികളുടെ നിയമനിർമ്മാണത്തിൽപെടുന്ന ഒന്നാണു്. എന്തെന്നാൽ തൊഴിലാളികളുടെ ഫാക്ടറിയിലെ അധികാരങ്ങളേയും താല്പര്യങ്ങളേയും പരിരക്ഷിക്കുന്നതിനുള്ള സമരങ്ങളുടെ പേരിലാണു് വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസം കളഞ്ഞു പുറത്തുവരുന്നതു്. തൊഴിലാളികളുടെ താല്പര്യങ്ങളെ രക്ഷിക്കുന്നതിന്നായി വിദ്യാർത്ഥികളുടെ പഠിത്തം മുടക്കരുതു്. അവർ ഭാവി പൌരന്മാരാണു്. രാ

LIBRARY ARCHIVES Kerala Legislative Assembly

ജ്യം ഏറെറടുത്തു ഭരണം നടത്തേണ്ടവരാണു്. അവരുടെ വിദ്യാഭ്യാസത്തിനു കോട്ടംവരാത്തതരത്തിൽ അതിനാവശ്യമായ വകുപ്പുകൾകൂടി ഈ ബില്ലിൽ വേണമെന്നാണു് എന്റെ അഭിപ്രായം. അടുത്തയവസരത്തിൽ നമ്മൾക്കു നേരിടേണ്ടിവരാവുന്ന ആപത്തുകളെക്കുറിച്ചുള്ള പല മുന്നറിവുകളും കണ്ടതുകൊണ്ടാണു് ഞാനിത്രയും പറഞ്ഞതു്.

നമ്മുടെ രാജ്യം വ്യവസായത്തിൽ വളരെ പിന്നോക്കമാണെന്നു പറഞ്ഞുകഴിഞ്ഞു. വ്യവസായികളെ പിന്തിരിപ്പിക്കാനുള്ള പല കാര്യങ്ങളും ഈ ബില്ലിലുണ്ടു്. തങ്ങളുടെ പണം ചിലവിട്ടു വ്യവസായം തുടങ്ങുന്നതിനു അവക്കാകർഷണീയമായ വിധത്തിലുള്ള എന്തെങ്കിലും ചില പരിരക്ഷകൾ ഈ ബില്ലിൽ വേണം. എന്നാൽ ഇവിടെ കാണുന്നതു് വ്യവസായികൾ മുന്നോട്ടു വരുന്നുണ്ടെങ്കിൽ അവരെ അതിൽനിന്നു തടയുന്നതരത്തിലുള്ള നിയമങ്ങൾ കൊള്ളിച്ചിട്ടുള്ളതായിട്ടാണു്. ഇന്നു് തിരുവിതാംകൂറിൽ വളരെ വ്യവസായങ്ങൾ തുടങ്ങീട്ടുണ്ടു്. കൊച്ചീരാജ്യത്തിൽ അങ്ങിനെ ഉള്ളതായി കാണുന്നില്ല. അതിനാൽ അവയെ ഇങ്ങോട്ടാകർഷിക്കത്തക്ക ചില വകുപ്പുകൾകൂടി ഇതിൽ പെടുത്തിയാലെ നമ്മുടെ രാജ്യത്തിൽ വ്യവസായങ്ങൾ വളരുകയുള്ളൂ. ഇവിടത്തെ തൊഴിലില്ലായ്മപ്രശ്നത്തിനു പരിഹാരമുണ്ടാവുകയുള്ളൂ. തൊഴിലാളികൾക്കു ജീവിക്കാനുള്ള കൂലി വ്യവസായശാലകളിൽനിന്നു കിട്ടണം. അതിനു പര്യാപ്തമായ വിധത്തിലായിരിക്കണം ഈ ബിൽ കൊണ്ടുവരേണ്ടതു്. ഈ ബിൽ ഇന്നത്തെ നിലയിൽ കൊണ്ടുവന്നാൽപോരാ. അതിനാൽ ഇതു സെലക്ട് കമ്മിറ്റിക്കു അയയ്ക്കണം. രൂപ പലിശക്കു കൊടുത്താൽ നൂ ശതമാനം പലിശയുണ്ടു്. കേസുകൊടുത്താൽ അതിൽ കൂടുതൽ കിട്ടുകയില്ല. അതിനാൽ രൂപ കടം കൊടുക്കുന്നവർ ഒരു വിദ്യ കണ്ടുപിടിച്ചിട്ടുണ്ടു്. കൂടുതൽ പലിശ കിട്ടിയാലെ പണം കൊടുക്കുകയുള്ളൂ. എന്നാൽ നിയമപ്രകാരം കൂടുതൽ പലിശ വാങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് കൂടുതൽ കണക്കാക്കുന്ന പലിശ അവർ മുൻകൂട്ടിത്തന്നെ കൈവശംവെച്ചു അതു കുറവുള്ള സംഖ്യ മാത്രമെ കടം മേടിക്കുന്ന ആൾക്കു കൊടുക്കുകയുള്ളൂ. അതായതു് അവക്കു ൧൫ ശതമാനം പലിശയെങ്കിലും കിട്ടണം. അതിനാൽ മുതലാളിക്കു ൧൫ ശതമാനം പലിശയെങ്കിലും കിട്ടത്തക്കവിധത്തിലായിരിക്കണം ഈ ബില്ലിൽ വ്യവസ്ഥചെയ്യേണ്ടതു്. എങ്ങിനെ ആയാലും ഇങ്കുപിലാബു് പോകയില്ല. ഇത്രമാത്രമേ എനിക്കു് ഈ ബില്ലിനെക്കുറിച്ചു് പറയുവാനുള്ളൂ.

*മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, ഈ ബിൽ ഈ നിയമസഭയിലെ എല്ലാപേർക്കും സ്വാഗതാർഹമായിട്ടാണു് കാണുന്നതു്. അതു സ്വാഗതാർഹമാണെന്നു വീണ്ടും ആവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പക്ഷെ, ഈ ബില്ലിലെ ഒരു പ്രധാനഭാഗത്തെക്കുറിച്ചു ഇവിടെ സംസാരിച്ച അധികമാളുകളും അതു ശ്രദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കൊച്ചീരാജ്യത്തിലെ തൊഴിലാളി വിഭാഗങ്ങളിൽ ഏറെറവുമധികം ജനസംഖ്യയുള്ളതു് കർഷകത്തൊഴിലാളികളാണെന്ന പരമാർത്ഥം നമ്മൾക്കു മറക്കുവാൻ വഹിയ. മറെറല്ലാ വിഭാഗങ്ങളിലേയും തൊഴിലാളികളുടെ ആകെത്തുക എടുത്തു നോക്കിയാൽ എത്രയുണ്ടാകുമോ—അതു നമ്മുടെ സെൻസസ്സു് കണക്കുപ്രകാരം രണ്ടു ലക്ഷത്തിന്റെ അടുത്തുവരും—എതാണ്ടു് അതിന്റെ $\frac{3}{4}$ ഭാഗത്തോളം വരുന്ന ഒരു സംഖ്യ കർഷകത്തൊഴിലാളികളുണ്ടു്. ഈ ബില്ലിലെ രക്ഷ കർഷകത്തൊഴിലാളികൾക്കും ബാധകമാണു്. പക്ഷെ, ഈ ബില്ലിലെ ആനുകൂല്യങ്ങൾ കർഷകത്തൊഴിലാളികൾക്കു ലഭിക്കുവാൻതക്കവണ്ണം എങ്ങിനെയാണതു് നടപ്പിലാക്കുവാൻ കഴിയുക എന്ന പ്രശ്നം വളരെ കാര്യമായ ഒരു പ്രശ്നമാണു്. ബില്ലിൽതന്നെ "A longer period is allowed for fixation of minimum wages for Agricultural Labour as it is apprehended that the Administrative difficulties in this case will be by far greater" എന്നു് അതിന്റെ ഉദ്ദേശത്തെക്കുറിച്ചു് പ്രസ്താവിച്ചിട്ടുള്ളതിൽ പറയുന്നുണ്ടു്. കർഷകത്തൊഴിലാളികളുടെ സ്ഥിതി മറെറ തൊഴിലാളികളുടേതിൽനിന്നു വളരെ വ്യത്യസ്ഥമാണു്. ഇവിടെ രണ്ടോ മൂന്നോ മാസ്സുകാർ മാത്രമാണു് ഈ വിഷയത്തിലേക്കു സഭയുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിട്ടുള്ളതു്. കർഷകത്തൊഴിലാളികൾ മറെറല്ലാ തൊഴിലാളികളേക്കാളും കഷ്ടപ്പെടുന്നുണ്ടു്. ഇതിനുമുമ്പു് ഇവിടെ സാമ്പത്തികക്കുഴപ്പമുണ്ടായിരുന്ന കാലത്തു്. അവരുടെ ജീവിതം നരകതുല്യമായിരുന്നു. ഇന്നലെ ഇവിടെ മിസ്സിസ്സു് ദാക്ഷായണി വേലായുധൻ പ്രസ്താവിച്ചതുപോലെ യുഗയുഗാന്തങ്ങളായി കർഷകത്തൊഴിലാളികളുടെ സ്ഥിതി കഷ്ടാൽകഷ്ടതരമായി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൻവെന്നകാര്യത്തിൽ തർക്കമില്ല. ഈയിടെയായി യുദ്ധപരിതഃസ്ഥിതികാരം കൊണ്ടു ചില വിഷമങ്ങാം ഉണ്ടായിട്ടുണ്ട്. ഇനിയും ഈ നില തുടർന്നുപോകാൻ സാദ്ധ്യമല്ല. ഈ തൊഴിലാളികളെ ന്യായമായി രക്ഷിക്കേണ്ട ചുമതല ഈ സഭയ്ക്കുണ്ടെന്നോർത്താണ് ഈ ബില്ലിൽ അവരുടെ പരിരക്ഷയും ഉൾപ്പെടുത്തിട്ടുള്ളതെന്നു നമ്മാംക്കറിയാം. കർഷകത്തൊഴിലാളികാംക്കു ന്യായമായ കൂലിയും ന്യായമായ ആദായമാഹരിയിൽ ഒരു പങ്കും എങ്ങിനെ വ്യവസ്ഥചെയ്യാൻ കഴിയും? ആ കാര്യം അത്രയെളുപ്പമല്ല. ഇന്നു കർഷകത്തൊഴിലാളികളുടെ സ്വഭാവം എന്താണ്. സ്ഥിരമായി കൃഷിയിടങ്ങളോടു ബന്ധപ്പെട്ട ജോലി ചെയ്യുന്നവരല്ല അവരധികവും. കുറച്ചുപേരെ അങ്ങിനെയുള്ളൂ. ബാക്കിയുള്ളവർ അന്നന്നു കിട്ടുന്ന കൂലിക്കു കൃഷിപ്പണിചെയ്യുന്നവരാണ്. ആ കൂട്ടരേയും സ്ഥിരമായി ജോലി ചെയ്യുന്നവരേയും എങ്ങിനെയാണ് ബില്ലിൽ ഒരേ വ്യവസ്ഥകാംകൊണ്ടു പരിരക്ഷിക്കുകയെന്നാലോചിക്കുമ്പോാംതന്നെ പ്രത്യക്ഷത്തിൽ വലിയ കുഴപ്പംകാണാം. കർഷകത്തൊഴിലാളികളിൽ രണ്ടു വിഭാഗമുണ്ട്. ഏതാണ്ടം വർഷങ്ങാംക്കുമുമ്പ് ഈ നാട്ടിലെ ൻവില്ലേജുകളിൽ സാമ്പത്തികസർവ്വെ നടത്തിയ ശ്രീമാൻ ടി. കെ. ശങ്കരമേനോന്റെ റിപ്പോർട്ടിൽ കർഷകത്തൊഴിലാളികളെ രണ്ടായി തരം തിരിച്ചു അവരുടെ കാര്യം ചിന്തിച്ചിട്ടുണ്ട്. ഒന്നു സ്വതന്ത്ര തൊഴിലാളികളും മറേറതു പരതന്ത്രതൊഴിലാളികളുമാണ്. സ്വതന്ത്ര തൊഴിലാളികാംക്കു കിട്ടുന്നതിന്റെ പകുതി ആദായം മാത്രമാണ് പരതന്ത്രതൊഴിലാളികാംക്കു കിട്ടുന്നതു്. പുലയർ മുതലായ പാവങ്ങളാണ് ഈ പരതന്ത്രതൊഴിലാളികളിൽപ്പെടുന്നവർ. സർവ്വെ കഴിഞ്ഞശേഷം ഒന്നര ഇടങ്ങഴി നെല്ല്, ഒരണ മുതൽ നാലണവരെയുള്ള കൂലിയാണ് അന്നുണ്ടായിരുന്നതു്. ഇന്നു് അതിൽനിന്നു വ്യത്യാസമുണ്ടെങ്കിലും ക്രമീകൃതമായ സ്ഥിതിവരുമ്പോാം പഴയ നിലയിലേയ്ക്കു പോകാതെ നോക്കേണ്ടതുണ്ട്. യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളൊക്കെ ഏതാണ്ടു് അവസാനിച്ചിട്ടും ഈ സ്ഥിതി നമ്മളുടെ രാജ്യത്തിൽനിന്നു ഇപ്പോഴും പോയിട്ടുണ്ടെന്നു് പറയുവാൻ നിവൃത്തിയില്ല. ഒരുപക്ഷെ, പട്ടണത്തിൽ കാണ്മാൻ സാദ്ധ്യമല്ലെങ്കിലും ഗ്രാമങ്ങളിൽ ഇന്നും കാണാവുന്നതാണ്. അങ്ങിനെയുള്ള സ്ഥലങ്ങളിലെ ഈ രണ്ടുതരം തൊഴിലാളികളെ ഈ ബില്ലിന്റെ കീഴിൽ എങ്ങിനെ കൊണ്ടുവരാമെന്നു വളരെ ആലോചിച്ചാലെ അതിനു യോജിച്ച പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഈ വിഭാഗത്തിന്റെ സ്ഥിതി ഇങ്ങിനെയിരിക്കെ കൃഷിക്കാരെക്കുറിച്ചുള്ള സ്ഥിതിയും ആലോചിക്കണം. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള മുതലാളികളെപ്പോലെയാണോ നമ്മുടെ രാജ്യത്തിലെ കൃഷിക്കാർ? മുതലാളികളെപ്പോലെ കൃഷിക്കാരെ കണക്കാക്കാൻ വിഷമമുണ്ട്. പലതരക്കാരാണ് കൃഷിക്കാർ. സ്വന്തം ഭൂമിയുള്ളവരുണ്ട്. പണ്ടാരവക ഭൂമി സ്വന്തമായി നടക്കുന്നവരുണ്ട്. കാണഭൂമി, വെറുമ്പാട്ടഭൂമി ഇതു നടക്കുന്നവരുണ്ട്. ഇങ്ങിനെ ഉടമാവകാശം ഉള്ള കൃഷിക്കാർ, ഉടമാവകാശമില്ലാത്തവർ ഇങ്ങിനെ രണ്ടു തരക്കാരാണ് നമ്മുടെ രാജ്യത്തിലെ കൃഷിക്കാർ. ഈ കൃഷിക്കാർക്കു സ്ഥിരമായ ഒരാദായവ്യവസ്ഥയുണ്ടെന്നു കണക്കാക്കാൻ നിവൃത്തിയില്ല. മിക്ക കൃഷിക്കാരും നഷ്ടത്തിൽ കലാശിച്ചിട്ടുള്ളവരാണെന്നു ഈ സഭയിലെ എല്ലാ മെമ്പർമാക്കും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. കൃഷിക്കാരിൽ സ്വന്തം ഭൂമിയില്ലാത്തവർ, പാട്ടത്തിനു നടക്കും, അവരും നിവൃത്തിയില്ലാത്ത സമയങ്ങളിൽ കൂലിക്കാരെക്കൊണ്ടു് വേലയെടുപ്പിക്കുകയാണ് ചെയ്യുന്നതു്. അവക്കൊന്നുംതന്നെ ചിലപ്പോാം കിട്ടാറില്ല. ഉല്പന്നത്തിൽ അധികവും ജന്മിക്കു ഭോഗമായി പോകുന്നു. ഇന്നത്തെ തോതനുസരിച്ചു, ഇന്നത്തെ കൂലിനിരക്കനുസരിച്ചു് കൃഷിചെയ്താൽ ഏവക്കും ആദായകരമല്ലാത്ത ഈ കാലഘട്ടത്തിൽ എങ്ങിനെയാണു തൊഴിലാളികാംക്കു് ജീവിക്കുവാനുള്ള കൂലികൊടുത്തു കൃഷിനടത്തുക എന്നതിനെക്കുറിച്ചു കൃഷിക്കാരെ ചിന്തിപ്പിക്കും എന്ന കാര്യത്തിൽ തർക്കമില്ല. ഇന്നത്തെ കാർഷികാദായത്തിന്റെ തോതുവെച്ചു നോക്കുമ്പോാം സാമാന്യമായി കണക്കാക്കുന്ന പക്ഷം തൃപ്തികരമായ നിലയിൽ ജീവിക്കാനുള്ള കൂലി കൊടുക്കാൻ സാദ്ധ്യമായിവരികയില്ല. മിസ്റ്റർ ചെവ്വര പരമേശ്വരൻ തൊഴിലാളിഭോഗത്തെക്കുറിച്ചു ചുണ്ടിക്കാണിച്ചുപോലെ ആരോഗ്യം നിലനിറുത്താൻ വേണ്ട പോഷകാംശങ്ങളുള്ള ആഹാരങ്ങളും മാന്യമായ നിലയിൽ ജീവിക്കാനുള്ള പരിതഃസ്ഥിതികളും തൊഴിലാളികാംക്കു വേണമെങ്കിൽ ഇന്നത്തെ ഈ കാർഷിക സമ്പ്രദായത്തിൽ വിപ്ലവപരമായ ഒരു മാറ്റം വേണം. കാർഷികോല്പന്നങ്ങളുടെ വിലയും വിപണിയും സംബന്ധിച്ച സമ്പ്രദായവും മാറണം. ഇന്നു കൃഷിയെ സംബന്ധിച്ചു നോക്കിയാൽ കേവലം അരാജകത്വനിലയിലാണ്. യാതൊരു വ്യവസ്ഥയുമില്ല. സാമ്പത്തികമായി യാതൊരു നിലയും കൃഷിക്കാക്കില്ല. ഇന്നു സംഘടിതത്തൊഴിലാളികളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളല്ല കൃഷിക്കാരേയും കർഷികത്തൊഴിലാളികളേയും അഭിമുഖീകരിക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

എന്നു ആ വിഭാഗങ്ങളുമായി അല്പമെങ്കിലും ബന്ധമുള്ള സകലർക്കും മനസ്സിലാകും. ഇങ്ങിനെയിരിക്കെ, ഈ ബില്ലിന്റെ ഉദ്ദേശ പ്രഖ്യാപനത്തിൽ ഈ വിഷമങ്ങളെ ചൂണ്ടിക്കാണിച്ചതു സ്വാഭാവികം മാത്രമാണു്. വളരെ വിഷമിച്ചു കണ്ടുപിടിക്കാനുള്ള പരിഹാരങ്ങളാണു് കൃഷിക്കാരെ സംബന്ധിച്ചുള്ളതു്. കൃഷിക്കാരെ സംബന്ധിച്ചു ന്യായമായി സംരക്ഷിക്കേണ്ട ചുമതല നമ്മൾക്കില്ലെന്നു പറയാൻ പാടില്ല. ഞാൻ നിശ്ചയമായും അങ്ങിനെ പറയുകയില്ല. കാർഷിക വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗക്കാർക്കു, അവർ ഭൂമി നടപ്പുകാരായാലും വേണ്ടതില്ല, ഉടമസ്ഥന്മാരായാലും വേണ്ടതില്ല, യഥാർത്ഥത്തിൽ നടപ്പുകാരും ഉടമ ഉം ഒരു കൂട്ടർതന്നെ ആകണമെന്നാണു് എന്റെ ആഗ്രഹം. നടപ്പുകാരായാലും തൊഴിലാളികളായാലും അവക്കൊക്കെ ഉല്പന്നത്തിന്റെ ന്യായമായ ഓഹരിലഭിക്കാനുള്ള വ്യവസ്ഥകളുണ്ടായിരിക്കണം. കാർഷികവ്യവസായത്തിലേർപ്പെട്ടിട്ടുള്ളവർക്കെല്ലാം കൃഷി നടത്തിപ്പിന്റെ നിലയിലും മാറ്റം വിപ്ലവാത്മകമായ ഒരു മാറ്റം വേണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതിനു ഇന്നത്തെ ഗവമ്മെണ്ടു് ഒരുക്കമുണ്ടോ?

മിസ്റ്റർ വി. ആർ കൃഷ്ണനെഴത്തശ്ശൻ: ഇന്നത്തെ ഗവമ്മെന്റു് ഒരുക്കമില്ലെന്നു എന്തിനു ചിന്തിക്കണമെന്നു ഞാൻ ചോദിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: വഴിതന്നിട്ടു്.

മിസ്റ്റർ വി. ആർ. കുമാരനെഴത്തശ്ശൻ: അതു തെറ്റായധാരണയാണു്. എല്ലാപേർക്കും തുല്യമായി ജീവിക്കുവാനുള്ള വ്യവസ്ഥകൾ സൃഷ്ടിക്കണമെന്നാഗ്രഹമുള്ള ഗവമ്മെണ്ടാണു ഇന്നത്തെ ഗവമ്മെണ്ടെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെയല്ലെന്ന വിശ്വാസം ആർക്കുമുണ്ടായിരിക്കുകയില്ലെന്നും ഞാൻ വിചാരിക്കുന്നു. ഞാൻ കൃഷിക്കാരുടെ ക്ലേശങ്ങളെക്കുറിച്ചു പറയുകയാണു ചെയ്തതു്. ഈ ബിൽ കഷ്ടകവിഭാഗങ്ങൾക്കെല്ലാം ബാധകമാക്കണം. യുഗയുഗാന്തമായി ക്ലേശകരമായ ജീവിതം നയിക്കുന്ന ഈ തൊഴിലാളികൾക്കു, സ്ഥിരമായി കിടക്കാനുള്ള സ്ഥലമില്ലാത്ത വഴി നടക്കാൻ സ്വാതന്ത്ര്യമില്ലാത്ത, മനുഷ്യനുവേണ്ട വെളിച്ചവും ദംസ്കാരവും കിട്ടാതെ കഷ്ടപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും, പ്രത്യേകിച്ചു തൊഴിലാളി വിഭാഗത്തിനു, വേണ്ട വഴി തെളിച്ചുകിട്ടുന്ന ഒരുബിൽ ആയിരിക്കണമെന്നാണു് എന്റെ ആഗ്രഹം. ഈ ബില്ലിനെ സംബന്ധിച്ചുവിടെ സംസാരിച്ച ഞാളകം കൃഷിക്കാരുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിട്ടില്ലെന്നുള്ളതുകൊണ്ടാണു ഞാൻ ഇത്രയും പറഞ്ഞതു്. ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

*മിസ്റ്റർ പി. നാരായണമേനോൻ: സർ, ഈ ബില്ലിനെ ഞാനും സ്വാഗതം ചെയ്യുന്നു. ഈ ബിൽ അംഗീകരിച്ചു പ്രവർത്തിയിൽ വരുത്തുന്നപക്ഷം അതുകൊണ്ടു് ഇവിടത്തെ തൊഴിലാളികൾ സംതൃപ്തരാകുമെന്നു ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം ശരിയായിരിക്കുകയില്ലെന്നു ഗവമ്മെണ്ടിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മുതലാളികൾക്കു് ഗവമ്മെണ്ടു അറിഞ്ഞും അറിയാതെയും ചെയ്തുകൊണ്ടിരുന്നതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ ആനുകൂല്യങ്ങളോടു് താരതമ്യപ്പെടുത്തിനോക്കിയാൽ, ഈ ബില്ലുകൊണ്ടു തൊഴിലാളികൾക്കു ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എത്രയോ തുച്ഛമാണെന്നുള്ളതു് ഗവമ്മെണ്ടിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അറിഞ്ഞും അറിയാതെയും എന്നു ഞാൻ പറഞ്ഞതിനു പ്രത്യേകകാരണമുണ്ടു്. ഇന്നത്തെ പരിതഃസ്ഥിതിയിൽ മുതലാളികൾക്കു ഭദ്രതയുണ്ടാക്കുന്നതിനു് പലമാർഗ്ഗങ്ങളും തെളിഞ്ഞുകാണുന്നുണ്ടെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളിൽ മിക്കതും കാർഷികോല്പന്നങ്ങളാണു്. അങ്ങിനെയുള്ള കാർഷികോല്പന്നങ്ങളുടെ വില നിയന്ത്രിച്ചിട്ടുണ്ടു്. എന്നാൽ അസംസ്കൃതപദാർത്ഥങ്ങളും സംസ്കൃതപദാർത്ഥങ്ങളായി രൂപീകരിച്ചാൽ ഇഷ്ടംപോലെയുള്ള വിലക്കു കൊടുക്കാൻ വിരോധമില്ല; അതിന്റെ വില നിയന്ത്രിച്ചിട്ടുമില്ല. അതനുസരിച്ചു മുതലാളികൾക്കുണ്ടാകുന്ന ലാഭം അവിചാരിതവും, അപാരവുമാണെന്നു സമ്മതിക്കാതിരിക്കാൻ യാതൊരു നിവൃത്തിമാർഗവുമില്ല. അടുത്തതന്നെ ഈ ബിൽ മൂലം തൊഴിലാളികൾക്കു ചില ആനുകൂല്യങ്ങൾ ചെയ്യാനായി ഉദ്ദേശിക്കുന്നുണ്ടു്. ആ ഉദ്ദേശം ചുരുങ്ങിയ കാലത്തിനുള്ളിൽ പ്രവൃത്തിയിൽ വന്നേക്കാം. അന്നു് ഇതെല്ലാം കിട്ടുമെന്നു സൂചിപ്പിക്കുകമാത്രമാണു് ചെയ്തു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. ഈ സൂചനപുറത്തുവരുന്നതിനു മുമ്പുതന്നെ ഇവിടെയുള്ള മുതലാളികൾക്കു ഗവണ്മെണ്ടു ചെയ്തിട്ടുള്ള വലിയ ആനുകൂല്യങ്ങൾ, അവിചാരിതവും, അനർഹവുമായ ആനുകൂല്യങ്ങൾ ആലോചിക്കുമ്പോൾ, തൊഴിലാളികൾക്കും എന്തെങ്കിലും ചെയ്തുകൊടുക്കാമെന്നുള്ള സൂചന കൊണ്ടുമാത്രം തൃപ്തിപ്പെടാൻ ആവശ്യപ്പെട്ടിട്ടുള്ള ഈബിൽ തുച്ഛമാണെന്നുള്ളതു് തീർച്ചയാണു്. വെളിച്ചെണ്ണയുടെയും, കൊപ്രയുടെയും വിലകൺട്രോൾ ചെയ്യുന്നു് ഇവിടെ അതു ഭക്ഷണമായി ഉപയോഗിക്കുന്ന ആളുകൾക്കുവേണ്ടിയോ, അതോ ആ പദാർത്ഥങ്ങളെക്കൊണ്ടു വ്യവസായംചെയ്യുന്ന മുതലാളികൾക്കു വേണ്ടിയോ എന്നാണു് എനിക്കു ഗവണ്മെണ്ടിനോടു ഒന്നാമതായി ചോദിക്കുവാനുള്ളതു്. നമ്മുടെ നാട്ടിൽ വെളിച്ചെണ്ണയും നാളികേരവും ഭക്ഷണമായി ഉപയോഗിക്കുന്നതു് അതിൽ എത്രയോ തുച്ഛമായ ഒരംശം മാത്രമാണു്. കേരളത്തിനുപുറത്തു് വെളിച്ചെണ്ണയും നാളികേരവും ഭക്ഷണമായി ഉപയോഗിക്കുന്ന ആളുകൾ ഇല്ലെന്നാണു കേട്ടിട്ടുള്ളതു്. ആ നിലയിൽ വെളിച്ചെണ്ണയുടെയും, നാളികേരത്തിന്റെയും വില പകുതിയായി നിയന്ത്രിക്കപ്പെട്ടാൽ അതുകൊണ്ടുണ്ടാകുന്ന ലാഭം ആർക്കാണു്. ആർക്കുവേണ്ടിയാണു് അതു നിയന്ത്രിച്ചതു് എന്നാലോചിക്കുമ്പോൾ നമ്മുടെ ഗവണ്മെണ്ടു മുതലാളി ഗവണ്മെണ്ടോ, തൊഴിലാളി ഗവണ്മെണ്ടോ എന്നകാര്യം വ്യക്തമാകും. വെളിച്ചെണ്ണകൊണ്ടുണ്ടാക്കുന്ന സോപ്പു മുതലായ പദാർത്ഥങ്ങൾ നിർമ്മിക്കുന്ന മുതലാളികൾക്കു് വെളിച്ചെണ്ണ പകുതി വിലക്കാണു് കിട്ടുന്നതു്. എന്നാൽ സോപ്പിനു പണ്ടത്തെ വിലതന്നെയാണതാനും. ആ നിലയിൽ ഈ സാധനങ്ങൾ മൊത്തമായി ഉണ്ടാക്കുന്ന വലിയ വ്യവസായികളായ മുതലാളികൾക്കു എത്രലക്ഷം രൂപായാണു് ലാഭം കിട്ടാൻ പോകുന്നതു് എന്നുള്ളതു് കണക്കാക്കിയാൽ അറിയാം. ഗവണ്മെണ്ടു ഇങ്ങനെ മുതലാളികളെ സഹായിക്കുന്നു എന്ന സംഗതി മറച്ചുവെക്കുവാൻവേണ്ടി വെറും ഒരു തന്ത്രമെന്നനിലയിലല്ലേ ഈ ബിൽ അവതരിപ്പിച്ചതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങിനെയല്ലെങ്കിൽ അതിനെക്കുറിച്ചു് ഞാൻ ചോദ്യം ചെയ്യുന്നില്ല.

ഈ ബില്ലിൽ പറയുന്ന ബോണസ്സു്, ഈ ബിൽ നടപ്പിൽ വരുത്തുന്നതിനുമുമ്പു് ഇങ്ങനെ അനർഹമായി സമ്പാദിക്കുന്ന ആദായത്തിൽനിന്നു് മുതലാളികളെക്കൊണ്ടു കൊടുപ്പിക്കുന്നതിനു് ഗവണ്മെണ്ടു് ഉടനടി പ്രവൃത്തിച്ചാൽകൊള്ളാമെന്നു് എനിക്കൊരപേക്ഷയുണ്ടു്. ഇന്നു വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വില നിയന്ത്രിച്ചതുകൊണ്ടു് ഈ നാട്ടിൽ എത്തെല്ലാം മുതലാളികൾക്കാണു് അവർ അർഹിക്കാത്തതായ, അപാരമായ ആദായമുണ്ടാകുന്നതു് അങ്ങിനെയുള്ള മുതലാളികളെക്കൊണ്ടു് ഈ ബില്ലിൽ പറയുന്ന ബോണസ്സു് ഇപ്പോൾതന്നെ കൊടുപ്പിക്കുന്നതിനു്—അവരേക്കൊണ്ടുമാത്രം മതി, വേറെ ആരെക്കൊണ്ടും വേണ്ട—ഗവണ്മെണ്ടു് ഉടനെതന്നെ വേണ്ടതു പ്രവൃത്തിക്കുണമെന്നുള്ളതാണു് എനിക്കു് ഈ ബില്ലിനെക്കുറിച്ചു പറയാനുള്ള ഒരു സംഗതി. ഈ ബിൽ ഇവിടത്തെ തൊഴിലാളികളെ എല്ലാവരേയും സ്പർശിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണോ നിർമ്മിക്കപ്പെട്ടിട്ടുള്ളതു് എന്നു കാര്യത്തിൽ എനിക്കു സംശയമുണ്ടു്. നമ്മുടെ രാജ്യം ഒരു കാർഷികരാജ്യമാണെന്നുള്ളതു് ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ള സംഗതിയാണു്. ഇവിടത്തെ തൊഴിലാളികളിൽ ഭൂരിപക്ഷം കർഷകത്തൊഴിലാളികളാണു്. തല്ക്കാലം അവരുടെ കാര്യം ആലോചിക്കേണ്ട ആവശ്യമില്ലെന്നും, മറവു തൊഴിലാളികളെ സംബന്ധിക്കുന്ന നിയമങ്ങൾ നടപ്പിൽവന്നശേഷം, ഈ പ്രശ്നത്തിനു് സമാധാനം കണ്ടുപിടിക്കുന്നതിനുവേണ്ട പരിശ്രമങ്ങൾ ചെയ്യാമെന്നും ഉള്ള വ്യവസ്ഥയിലാണു് ഈ ബിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അങ്ങിനെയാരാണു് പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ വിചാരിക്കാനുള്ള കാരണങ്ങളുണ്ടു്. ഈ ആനുകൂല്യങ്ങൾ നിയമപ്രകാരം ലഭിക്കുന്ന തൊഴിലാളികൾ എത്രയുണ്ടെന്നാലോചിക്കണം. അങ്ങിനെയുള്ള തൊഴിലാളികൾ 5 ശതമാനംവരുമോ എന്നാണു് ഞാൻ സംശയിക്കുന്നതു്. ആ നിലയിൽ ഇവിടത്തെ ഭൂരിപക്ഷംവരുന്ന കർഷകത്തൊഴിലാളികൾ അടുത്തകാലത്തൊന്നും ഈ ബില്ലിൽ പറയുന്ന സംഗതികൾ അനുഭവിക്കാൻ പോകുന്നില്ല. അതുകൊണ്ടു് കുറച്ചാളുകൾക്കു മാത്രമേ ഇതിൽ പറയുന്ന ആനുകൂല്യങ്ങൾ കിട്ടുവുള്ളു. അതുപോരാ എല്ലാ തൊഴിലാളികൾക്കും ഈ ആനുകൂല്യങ്ങൾ ഒരുപോലെ ലഭിത്തക്കവിധത്തിൽ ചില മാറ്റങ്ങൾ വരുത്തിയാൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത്തെ സംഗതി എനിക്കു പറയാനുള്ളതു് വ്യവസായങ്ങൾ അഭിവൃദ്ധി പ്പെടുത്തുന്നതിനു് വേണ്ട പരിതസ്ഥിതിയും പ്രോത്സാഹനവും ഗവണ്മെണ്ടു നൽകാത്തി ടത്തോളം കാലം ഈ ബില്ലിൽ പറഞ്ഞ ആനുകൂല്യങ്ങൾ അനുഭവിക്കേണ്ട തൊഴിലാളികൾ ഈ രാജ്യത്തു കുറവായിരിക്കും. അയൽ രാജ്യങ്ങളിൽ തൊഴിൽവളർത്തുന്നതിനും, അഭിവൃദ്ധി പ്പെടുത്തുന്നതിനും വേണ്ട പ്രോത്സാഹനങ്ങൾ ലഭിച്ചുവരുന്നുണ്ടു്. അതിനാൽ ചുരുങ്ങിയ ചിലവിന്മേൽ മേൽത്തരം സംസ്കൃതപദാർത്ഥങ്ങൾ നിർമ്മിക്കത്തക്ക ഒരു നിലയെത്തിയിട്ടുണ്ടു്: അതിന്റെ ഫലമായി അവിടെ പലവ്യവസായങ്ങളിലും ഉപയോഗിക്കുന്നതിനു് അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കുവാൻ ഇവിടെയുള്ളതിലും കവിഞ്ഞവിലകൊടുത്തു് കമാൻറിയർ ചെയ്തു് മറ്റു രാജ്യങ്ങളിലേക്കു കൊണ്ടുപോകാൻ സാധിക്കുന്നു. അതിന്റെ ഫലം ഇവിടെ അത്തരം വ്യവസായങ്ങൾ ഇല്ലാതാകുകയെന്നുള്ളതാണു്. അതിനു ഒരുദാഹരണം പറയാം. നമ്മുടെ സമുദ്രതിരങ്ങളിലുള്ള ആളുകളിൽ ഭൂരിപക്ഷവും കയർ വ്യവസായംകൊണ്ടു കഴിഞ്ഞു കൂടുന്നവരാണു്. ഈ കയർ വ്യവസായം താമസിയാതെ നില്ക്കുകയില്ലെ എന്നു സംശയിക്കു ന്നവിധത്തിലാണു് അതിന്റെ നില. ഇവിടെയുള്ളതിനേക്കാൾ മേൽത്തരം കയർ ചുരുങ്ങി യചിലവിന്മേൽ തിരുവിതാംകൂറിൽ ഉണ്ടാക്കാൻ സാധിക്കുന്നുണ്ടു്. അതിനു രണ്ടു കാരണ ങ്ങളുണ്ടു്. ഇവിടെ പെരിങ്ങൽ കുത്തു സ്കീം നടപ്പിൽവരുത്തുന്നതിനെക്കുറിച്ചു് ഒന്നാമതായി ആലോചിച്ചതു് ഫൻ ഫർ-ൽ ആണെന്നു തോന്നുന്നു. അതിനെക്കുറിച്ചു ഇപ്പോഴും ആലോ ചിച്ചുകൊണ്ടിരിക്കുകയാണു്. നേരേമറിച്ചു് ഫൻനു ർ-ൽ പാള്ളിവാസൽ സ്കീം ആ ലോചിച്ചു. ഫൻനു ഓ-ൽ അതു പ്രവർത്തിച്ചു. ഇപ്പോൾ വളരെ കുറഞ്ഞ റേറിനു് കറൻറു കൊടുക്കാൻ സാധിക്കുന്നുണ്ടു്. ആ നിലയിലും മറ്റു പല കാരണങ്ങളാലും അവിടെ കുറഞ്ഞ ചിലവിന്മേൽ മേൽത്തരം സാധനങ്ങൾ നിർമ്മിക്കുന്നതിനു സാധിക്കുന്നുണ്ടു്. അതുകൊണ്ടു് ഇ വിടത്തേക്കാൾ കൂടുതൽ വിലക്കു അസംസ്കൃതപദാർത്ഥങ്ങൾ എടുത്തു് ആവക സാധനങ്ങൾ കമാൻറിയർ ചെയ്തു ഇവിടെനിന്നു തിരുവിതാംകൂറിലേക്കു കൊണ്ടുപോകാൻ സാധിക്കും. ഇങ്ങിനെ കൊണ്ടുപോകുന്ന സാധനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് മടലും ചക രിയുമാണു്. ഇവിടെയുണ്ടാകുന്ന മടലിലും, ചകരിയിലും അധികഭാഗവും ഇങ്ങനെ തിരു വിതാംകൂറിലേക്കാണു് പോയിക്കൊണ്ടിരിക്കുന്നതു്. ഇവിടെ നാശോന്മുഖമായി വർത്തിക്കു ന്ന വ്യവസായങ്ങൾ ഏതെല്ലാമാണെന്നു കണ്ടുപിടിച്ചു്, അതു് നശിക്കുവാനുള്ള യഥാർത്ഥകാ രണങ്ങൾ മനസ്സിലാക്കി അതിനുവേണ്ട പരിഹാരങ്ങൾ ചെയ്തു് അങ്ങിനെയുള്ള വ്യവസായ ങ്ങൾ വളർത്തുന്നതിനു വേണ്ട പ്രോത്സാഹനം ചെയ്തുകൊടുക്കാൻ ആഗ്രഹമില്ലാത്ത പക്ഷം ഇവിടെ ഇത്തരം ബിൽകൊണ്ടു് വലിയപ്രയോജനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് എനിക്കു് ഗവണ്മെണ്ടിന്റെ ടിഷ്ടിയിൽ കൊണ്ടുവരാനുള്ളതു് മൂന്നു സംഗതി കളാണു്. ഒന്നാമത്തേതു് മുതലാളികൾക്കു ഗവണ്മെണ്ടു ചെയ്തുകൊടുത്തുകൊണ്ടുവരുന്ന ആനു കൂല്യങ്ങളോടു്, അവിചാരിതവും, അനർഹവുമായ ആനുകൂല്യങ്ങളോടു താരതമ്യപ്പെടുത്തി നോക്കിയാൽ, തൊഴിലാളികൾക്കു ചെയ്യാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എത്രയും തുച്ഛ മാണു്. അതുകൊണ്ടു് തൊഴിലാളികൾ തൃപ്തിപ്പെടുന്നില്ല എന്നുണ്ടെങ്കിൽ അവരോടു ഗവ ണ്മെണ്ടു പരിഭവം വിചാരിക്കേണ്ട ആവശ്യമില്ല എന്നുള്ളതാണു്. രണ്ടാമത്തെ കാര്യം നമ്മു ടെ നാട്ടിലെ സകല തൊഴിലാളികളേയും ഒരുപോലെ സ്പർശിക്കത്തക്കവിധത്തിലുള്ള വ്യവ സ്ഥകൾ വരണമെന്നുള്ളതാണു്. മൂന്നാമത്തെ സംഗതി, നമ്മുടെ നാട്ടിൽ അധോമുഖമായ വ്യ വസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, വളർത്തുന്നതിനും വേണ്ട പരിതഃസ്ഥിതി അതാ തു സ്ഥലങ്ങളിൽ അതാതു് സമയങ്ങളിൽ ചെയ്യണമെന്നുള്ളതാണു്. ഇത്രയും സംഗതികളാണു് എനിക്കു് ഈ ബില്ലിനെക്കുറിച്ചു പറയാനുള്ളതു്. ഞാൻ ഈ ബില്ലിനെ ഒന്നു കൂടി സ്വാ ഗതം ചെയ്തുകൊള്ളുന്നു.

മിസ്റ്റർ കെ. എ. രാഘവൻ: സർ, ഈ ബിൽ ഒരാവർത്തി വായിച്ചു നോക്കിയപ്പോൾ എനിക്കു ഓർമ്മവരുന്നതു് ഒരു പഴയ കഥയാണു്. ചേർത്തല താലൂക്കിൽ പണ്ടു് ഒരു സാധു കുടുംബി ധനികനാകുവാൻവേണ്ടി അനേക നാൾ ഈശ്വരഭജനം ചെയ്തു. ഒടുവിൽ ഉള്ളിവ നെ ഈശ്വരൻ പിന്നേയും കൊടുക്കുകയുള്ളു എന്നു സമാശ്വസിച്ചുവത്രേ. അതായതു് ഇന്നലെ ഒരു ചോദ്യത്തിനു പ്രതിവാദ്യവിഷയമായിപ്പോരായിൽ തരകന്റെ വീടിനടുത്തു ഒരു ദരിദ്രകുടും ബം, തരകന്റെ അളവറ്റ സമ്പത്തു കണ്ടും, തനിക്കു ഉപജീവനത്തിനുപോലും മാർഗ്ഗമില്ലല്ലോ എന്നു കരുതിയും ഈശ്വരഭജനം ചെയ്തു. അനേകനാൾ ഈശ്വരഭജനം ചെയ്തതിന്റെ ഫല മായി തന്റെ ചില വീട്ടുസാമാനങ്ങൾകൂടി പോയതല്ലാതെ പറയത്തക്ക യാതൊരു ഗുണവു

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടായില്ല. അവസാനം "ഈശ്വരൻ പണക്കാക്കുമാത്രമെ വീണ്ടും ധനം കൊടുക്കുകയുള്ളൂ" എന്നു സമാശ്വസിച്ചു ആ സാധുകുടുംബിയുടെ കഥയാണു് എനിക്കു ഈ ബിൽ വായിച്ചപ്പോൾ ഓർമ്മവന്നതു്. തൊഴിലാളിവർഗ്ഗത്തിനു കിട്ടേണ്ട യാതൊരു പരിരക്ഷയും ഇതിൽ അടങ്ങിയിട്ടില്ല എന്നാണു് എനിക്കു തോന്നുന്നതു്. മാത്രമല്ല, മുതലാളികളുടെ താല്പര്യങ്ങൾക്കും, അവരുടെ വ്യവസായങ്ങൾക്കും യാതൊരു കോട്ടവും ഈ ബിൽ കൊണ്ടുവരാൻ പോകുന്നില്ല എന്നുള്ളതും ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ തൊഴിലാളികൾക്കു് മുമ്പു കിട്ടിയിട്ടില്ലാത്ത ഒരു സംഗതി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്; അതായതു് ബോണസ്സു് അനുവദിച്ചിട്ടുണ്ടു്; അതിനു ഒരു പരിധിയും വെച്ചിട്ടുണ്ടു്. തൊഴിലാളിക്കു്, അവന്റെ പരിശ്രമഫലമായി മുതലാളി അനുഭവിക്കുന്ന ലാഭത്തിൽനിന്നു് ഇത്ര ശതമാനമേ അവകാശപ്പെടാൻ ന്യായമുള്ളൂ എന്നു വിധിക്കാൻ നമുക്കാർക്കും അവകാശമില്ല. ൪൦ ശതമാനം മാത്രമാണു് തൊഴിലാളികൾക്കു ബോണസ്സിനു് അർഹതയുള്ളതു് എന്നാണു് ഈ ബില്ലിൽ കാണിച്ചിരിക്കുന്നതു്. അതു് എത്രയും കുറഞ്ഞുപോയി എന്നു പറയാതെ തരമില്ല. ഇന്നലത്തെ ലോകം മുതലാളികളുടേതാണെങ്കിൽ നാളത്തെ ലോകം തൊഴിലാളികളുടേതാണെന്ന കാര്യം തീർച്ചയാണു്. പണ്ടുകാലങ്ങളിൽ തൊഴിലാളികൾ അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകൾ ഇന്നില്ല. എന്തുകൊണ്ടു് ഗവർമ്മെണ്ടുതന്നെ തൊഴിലാളികളുടെ താല്പര്യങ്ങളെ പരിരക്ഷിക്കുവാൻ ഇന്നു് ഒരു ബിൽ കൊണ്ടുവന്നു? ഇന്നത്തെ മന്ത്രി ഇത്തരം ഒരു ബിൽ ഇവിടെ കൊണ്ടുവന്നു എങ്കിൽ, നാളത്തെ മന്ത്രി ഇതിലും കൂടുതൽ പരിരക്ഷകൾ നൽകുന്ന ഒരു ബിൽ അയിരിക്കും ഇവിടെ കൊണ്ടുവരിക. തൊഴിലാളികൾ സംഘടിതരായി അണിനിരന്നു കഴിഞ്ഞു. അവരുടെ പ്രവാഹത്തെ തടുക്കുവാൻ യാതൊരു ശക്തിക്കും മേലാൽ സാദ്ധ്യമല്ല എന്ന പരമാർത്ഥമാലോചിച്ചു്, അവർക്കു കിട്ടേണ്ട സകല പരിരക്ഷകളും കൊടുക്കുവാൻ ഇന്നു ഗവർമ്മെണ്ടു പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണു്.

ഈ ബില്ലിനെപ്പറ്റിയുള്ള വിമർശനവേളയിൽ ബഹുമാനപ്പെട്ട പല മെമ്പർമാരും ബില്ലിന്റെ വിമർശനശരത്തുനിന്നുമാറി അവരുടെ സ്വന്തം താല്പര്യങ്ങളും, വ്യക്തിപരമായ വഴക്കുകളും പ്രകടിപ്പിക്കുന്നതായി ഞാൻ കണ്ടു. എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുട്ടൻ പറയുകയുണ്ടായി, തെങ്ങു കയറുന്ന തൊഴിലാളിക്കു് ൧൦൦ തെങ്ങിനു് ൧൫ രൂപ കൂലി കിട്ടുന്നതെന്നു്. ഇതു വാസ്തവമല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ബഹുമാനപ്പെട്ട മെമ്പർ കൊടുങ്ങല്ലൂർവരെ വരാമെങ്കിൽ ഞാൻ ഇതു തെളിയിച്ചുകൊടുക്കാം.

മിസ്റ്റർ കെ. എ. രാഘവൻ: യുദ്ധത്തിനുമുമ്പു് ൧൦൦ തെങ്ങു കയറുന്നതിനു് ൧ രൂപ കൂലി.യായിരുന്ന കൂലി. എന്നാൽ ഇന്നു് ൧൦൦ തെങ്ങു കയറുന്നതിനു് ൪½ രൂപയും തേങ്ങയുമാണു് കൂലി.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു മതിയോ?

മിസ്റ്റർ കെ. എ. രാഘവൻ: അതിലധികം കൊടുക്കണം. ഇതുപോലും ആപൽക്കരമായ ജോലി വേറെ ഒന്നുമില്ല. കൈതെറ്റിയാൽ തല കാണുകയില്ലെന്നറിയാം. ഈ ബിൽകൊണ്ടു് തൊഴിലാളികൾക്കു കൂടുതൽ പരിരക്ഷകൾ കിട്ടാൻ പോകുന്നില്ലെന്നു് ബഹുമാനപ്പെട്ട തൊഴിലാളിമെമ്പർ പറഞ്ഞുകഴിഞ്ഞു. എങ്കിലും ഈ ബിൽകൊണ്ടു് കൂടുതൽ ഗുണമുണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി മറ്റുള്ളവരോടുപ്പം ഞാനും ഇതിനെ സ്വാഗതം ചെയ്യുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ ബില്ലിനെ സ്വാഗതം ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. പലരും ഇതിനെ എതിർക്കുന്നുണ്ടെങ്കിലും, ഇതുകൊണ്ടുദ്ദേശിക്കുന്ന ഗുണം തൊഴിലാളികൾക്കു കിട്ടുന്നതല്ല എന്നു് പലരും പറയുന്നുണ്ടെങ്കിലും, ഇപ്പോൾ അങ്ങിനെയുള്ള അഭിപ്രായം ശരിയാണെന്നു സമ്മതിച്ചു കൊടുക്കുവാൻ തരമില്ല എന്നാണു് എനിക്കു തോന്നുന്നതു്. ഇതു സെലക്ടു് കമ്മിറ്റിക്കയച്ചു്, പൊതുജനാഭിപ്രായം ശരിയായി അറിഞ്ഞു് കമ്മിറ്റിയുടെ റിപ്പോർട്ടു് ഈ നിയമസഭയിൽ വന്നു് അതിനെ സംബന്ധിച്ചു് ശരിയായ വിശകലനം ചെയ്യുന്ന അവസരത്തിൽ അല്ലാതെ ഇതിനെ സംബന്ധിച്ചു് ഇപ്പോൾ ഒരു വിധി കല്പിക്കുവാൻ സാദ്ധ്യമല്ല. ഈ ബില്ലിലുള്ള ന്യൂനതകളെ ശരിക്കു മനസ്സിലാക്കി, ആ ന്യൂനതകളെ പരിഹരിക്കുന്നതിനു് പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായം ഈ സഭക്കു കിട്ടുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ആ ഉദ്ദേശത്തോടുകൂടിയാണു് ഇതു സെലക്ടു് കമ്മിറ്റിക്കയക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് എനിക്ക തോന്നുന്നത്. ആ നില വെച്ചുനോക്കുകയാണെങ്കിൽ ഇപ്പോൾ ഇങ്ങനെയൊരു ബിൽ തൊഴിലാളികളെ സംബന്ധിച്ച് ഇവിടെ അവതരിപ്പിക്കാൻ ഇടവന്നിട്ടുള്ളതുതന്നെ ഒരു മഹാഭാഗ്യമായിക്കരുതണം.

ഈ ബില്ലിൽ ബോണസ്സു കൊടുക്കുന്നതിനെ സംബന്ധിച്ചു ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബോണസ്സു കൊടുക്കുകയെന്നുള്ളതു് എല്ലാ തൊഴിലുടമകളും അംഗീകരിച്ചിട്ടുള്ള ഒരു വ്യവസ്ഥയാണു്. അതു് പല സ്ഥലങ്ങളിലും കൊടുക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും വേണ്ടത്തക്ക നിലയിൽ ആ ആനുകൂല്യം ലഭിക്കുന്നില്ല എന്നുള്ളതു് പരമാർത്ഥമാണു്. ബോണസ്സു് തൊഴിലാളികൾ അർഹിക്കുന്നുണ്ട് എന്നുള്ളതു് മുതലാളികൾതന്നെ സമ്മതിച്ചിട്ടുള്ള വ്യവസ്ഥയാണു്. മുതലാളിക്കു കിട്ടുന്ന ലാഭത്തിൽനിന്നു് ൪൦ ശതമാനം ബോണസ്സു് കൊടുക്കണമെന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ബോണസ്സു് സൌജന്യമാണെങ്കിലും അതു് ആദായത്തിൽനിന്നാണോ കൊടുക്കേണ്ടതു് എന്നുള്ളതാണു് സംശയം. ബോണസ്സു് തൊഴിലാളികൾ ന്യായമായും അർഹിക്കുന്ന ഒന്നാണു്. പക്ഷെ ഇതിൽ ബോണസ്സു് കൊടുക്കുന്നതിനു് ചെയ്തിരിക്കുന്ന വ്യവസ്ഥ, വ്യവസായങ്ങളിൽനിന്നു് കിട്ടുന്ന ലാഭത്തിന്റെ അമ്പതു ശതമാനം തൊഴിലാളികൾക്കു് ബോണസ്സായിട്ടു് കൊടുക്കുകയാണു്. മുതലാളിക്കു് ഇതുകൊണ്ടു് യാതൊരു നഷ്ടവും വരാനില്ല. മുതലാളിയുടെ പോക്കറ്റിൽനിന്നു് കൊടുക്കേണ്ടതായിട്ടു് വരുന്നില്ല. ആദായത്തിൽനിന്നു കൊടുക്കേണ്ടതുള്ളു. അമ്പതു ശതമാനം ബോണസ്സു് കൊടുക്കണമെന്നുള്ള ആ വ്യവസ്ഥയിൽ തൊഴിലാളികളെ സംബന്ധിച്ചു വിദഗ്ദ്ധാഭിപ്രായം പറഞ്ഞ ആ മെമ്പരോടു ഞാൻ യോജിക്കുകയാണു് ചെയ്യുന്നതു്. പിന്നെ കർഷകത്തൊഴിലാളിയുടെ കാര്യമാണു് മറ്റൊരു സംഗതി. കർഷകത്തൊഴിലാളികളുടെ സംരക്ഷണത്തിനു്വേണ്ടി ശരിയായിട്ടുള്ള ഒരു വ്യവസ്ഥ ഈ ബില്ലിലുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല. വാസ്തവത്തിൽ ഈ ബില്ലു് അവർക്കും ബാധകമാകുമെന്നു് ഉദ്ദേശിക്കുന്നുണ്ടെങ്കിലും : അവരുടെ കാര്യത്തിൽ, ശരിയായ അവരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനു് ഈ ബിൽ പര്യാപ്തമാണോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശത്തെക്കുറിച്ചു് പറയുന്ന ക്ലൂത്തിൽ കർഷകത്തൊഴിലാളികളുടെ കാര്യം കൂടി പറയുന്നുണ്ട്. "A longer period is allowed for fixation of minimum wages for agricultural labour as it is apprehended that this administrative difficulties in the case will be by far greater," എന്നാണു് കർഷകതൊഴിലാളികളെ സംബന്ധിച്ചു ഈ ബില്ലിൽ പറയുന്നതു്. കർഷകത്തൊഴിലാളികളെ സംബന്ധിച്ചു വ്യക്തമായിട്ടുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു് ഈ ബില്ലുകൊണ്ടു വന്നിട്ടുള്ള ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ഞാൻ ആവശ്യപ്പെടുന്നു. തൊഴിലാളികളിൽ അധികഭാഗവും, മുക്കാലേ അരക്കാലും കർഷകതൊഴിലാളികളാണെന്നുള്ള വാസ്തവം വിസ്മരിക്കാവുന്നതല്ല. കൃഷിയും വ്യവസായവും തമ്മിൽ വളരെ ബന്ധമുണ്ട്, വ്യവസായത്തിനു് ആവശ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങൾ കൊടുക്കുന്നതു് കർഷകത്തൊഴിലാളികളാണു്. അതുകൊണ്ടു് കർഷകത്തൊഴിലാളികളുടെ താല്പര്യങ്ങൾസംരക്ഷിക്കുന്നതിൽ ഗവൺമെണ്ടു് ഒട്ടും അനാസ്ഥ കാണിക്കുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു. അവർക്കുള്ള ആനുകൂല്യങ്ങളും ഇതോടൊപ്പം തന്നെ നടപ്പിൽ വരുത്തണമെന്നു് ഗവൺമെണ്ടു് ആഗ്രഹിക്കേണ്ടതാണു്. എന്റെ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുട്ടൻ തെങ്ങു കയറുന്ന തൊഴിലാളികളെ സംബന്ധിച്ചു പറയുകയുണ്ടായി; പന്ത്രണ്ടണ മാത്രമേ തെങ്ങു കയറുന്ന ഒരു തൊഴിലാളിക്കു കിട്ടുന്നുള്ളു എന്ന അദ്ദേഹം പറഞ്ഞതിനെ എന്റെ സ്നേഹിതൻ മിസ്റ്റർ രാഘവൻ എതിർക്കുകയുണ്ടായി. അദ്ദേഹം പറയുന്നതു് ഞങ്ങൾ അവിടെ രണ്ടര ഉറുപ്പികയും, മൂന്നുറുപ്പികയും, നാലുറുപ്പികയും കൊടുക്കുന്നുണ്ടെന്നാണു്. രണ്ടരയല്ല, മൂന്നോ, നാലോ, അഞ്ചോ, ആറോ ഉറുപ്പിക കൊടുത്താലും അതു് അടിസ്ഥാനശ്രുതിയാകയില്ല എന്നാണു് ഞാൻ പറയുന്നതു്. ചില സ്ഥലങ്ങളിൽ പന്ത്രണ്ടണ മാത്രമേ കൊടുക്കുന്നുള്ളു. മിക്കസ്ഥലങ്ങളിലും കൂലിതന്നെ കുറവാണു്. ചില സ്ഥലങ്ങളിൽ അഞ്ചോ ആറോ ഉറുപ്പിക കൊടുക്കുന്നവരുമുണ്ടാകാം. അതല്ല ഇവിടെ വാദവിഷയമെന്നു് നമ്മൾ മനസ്സിലാക്കണം. അവർക്കു തീപ്പിയായിട്ടും മതിയായിട്ടുള്ള കൂലി കിട്ടുന്ന കാര്യത്തിൽ അവർക്കു് അതുകൊണ്ടു് ജീവിക്കുവാൻ പറ്റുന്നില്ല. അങ്ങിനെ നിർഭാഗ്യകരമായിട്ടുള്ള ഒരു പരിതഃസ്ഥിതി വരാതിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. അവർക്കും അടിസ്ഥാനപരമായ കൂലി നിശ്ചയിച്ചു കൊടുക്കേണ്ടതാണു്. ഇന്നത്തെ നിലയിൽവെച്ചുകൊണ്ടു് ഏതൊ ചില സ്ഥലങ്ങളിൽ മൂന്നോ നാലോ, അല്ലെങ്കിൽ രണ്ടോ മൂന്നോ ഉറുപ്പിക കൂലി കിട്ടുന്നുണ്ടെന്നു് വിചാരിച്ചു് കർഷകത്തൊഴിലാളികളുടെ കാര്യം ഒട്ടാകെ നിഷേധിക്കുവാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ജീവൻ കളഞ്ഞു, ചോര നീരാക്കിക്കൊണ്ടാണ് മുതലാളിക്കും ജന്മിക്കും പണം ഉണ്ടാക്കികൊടുക്കുന്നതു്. അതുകൊണ്ടു് അവരുടെ കാര്യത്തിൽ വിഷമം നേരിട്ടുന്നതായാൽ അവരുടെ സ്വശക്തിയും ചിലവുചെയ്തു എതുക്കാൻ കർഷക തൊഴിലാളികൾ മുന്നോട്ടു വരും. ഞാൻ ഒരു പക്ഷെ ഇതു് പറയുമ്പോൾ കമ്മ്യൂണിസ്റ്റാണെന്നു് പറയുമായിരിക്കും. ഇക്കാര്യത്തിൽ സമാധാനപരമായിട്ടുള്ള പ്രക്ഷോഭണം നടത്തുവാനുള്ള അധികാരം എല്ലാവർക്കും ഉണ്ടു്. അതിനുള്ള അധികാരം ഇന്നു് തൊഴിലാളികൾക്കുമുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അപ്പോൾ ചിലസമയം ജയിലിൽ പോകേണ്ടിവരും.

മിസ്റ്റർ കെ. കെ. കണ്ണൻ: ജയിലിൽ പോകുന്നതു് ഒരു കുറവല്ല. സമാധാനപരമായിട്ടുള്ള പ്രകടനം നടത്തുമ്പോൾ ജയിലിൽ തന്നെയല്ല പോകേണ്ടിവരുന്നതു്; അതിനു വേണ്ടി കഴുവിന്മേൽ കയറേണ്ടിവന്നാൽത്തന്നെയും വിരോധമില്ല. വളരെ സമാധാനപരമായിട്ടുള്ള നിലയിൽ വളരെ സ്തുത്യർഹമായ പരിപാടിവെച്ചുകൊണ്ടു് അവരുടെ ആവശ്യങ്ങൾ സൂസാധ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനം നടത്തുന്നതിനു ഞങ്ങളുടെ കരങ്ങൾക്കു ശക്തിയുണ്ടെന്നു് ഞാൻ ഉച്ചൈസ്വരം പ്രഖ്യാപിക്കുന്നു. എനിക്കു മറ്റധികമൊന്നും പറയാനില്ല. നിങ്ങൾ സ്ഥിതിഗതികൾ പഠിച്ചു കർഷക തൊഴിലാളികളുടെ കാര്യത്തിൽ വേണ്ടതാലോചിച്ചു ചെയ്യണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

